**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2565** **15-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകൾ വഴി നൽകുന്ന വാഹന വായ്പ, ഗൃഹോപകരണ വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ ബാങ്കുകൾ വഴി നൽകുന്ന വാഹന വായ്പ, ഗൃഹോപകരണ വായ്പ എന്നിവ ആൾ ജാമ്യത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി എത്ര രൂപവരെയാണ് അനുവദിക്കാവുന്നതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും അംഗങ്ങൾക്കു നൽകുന്ന വിവിധയിനം വായ്പകൾക്കുള്ള ഈടുകൾ സംബന്ധിച്ച് സഹകരണസംഘം രജിസ്ട്രാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ 50,000/- രൂപ വരെയുള്ള കാർഷികേതര വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിന്മേൽ വിതരണം ചെയ്യുന്നതാണ്.<br><br>കൂടാതെ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും അംഗങ്ങൾക്കു നൽകുന്ന വിവിധയിനം വായ്പകൾക്കുള്ള പരിധി വർദ്ധിപ്പിച്ചുകൊണ്ട് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലർ പ്രകാരം വീട്ടുപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പയുടെ പരിധി 5 ലക്ഷം രൂപയും, വാഹന വായ്പ (ലൈറ്റ് വെഹിക്കിൾ) 20 ലക്ഷം രൂപയും, വാഹന വായ്പ (ഹെവി വെഹിക്കിൾ) 40 ലക്ഷം രൂപയും അനുവദിച്ചുവരുന്നു. എന്നാൽ ടി വായ്പകൾ മതിയായ വസ്തു ഈടിന്മേലോ, മതിയായ മറ്റ് ജാമ്യം ഉറപ്പുവരുത്തിയോ മാത്രമേ നൽകുകയുള്ളൂ. |
| (ബി) | പ്രസ്തുത വായ്പകളുടെ തുക അപര്യാപ്തമായതിനാൽ ഇടപാടുകാർ മറ്റ് ബാങ്കുകളെ ആശ്രയിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വായ്പകളുടെ പരിധി ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും അംഗങ്ങൾക്കു നൽകുന്ന വിവിധയിനം വായ്പകൾക്കുള്ള ഈടുകൾ സംബന്ധിച്ച് സഹകരണസംഘം രജിസ്ട്രാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ |

| | | | |
|---|---|---|---|
| | | | വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ 50,000/- രൂപ വരെയുള്ള കാർഷികേതര വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിന്മേൽ വിതരണം ചെയ്യുന്നതാണ്.<br><br>കൂടാതെ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും അംഗങ്ങൾക്കു നൽകുന്ന വിവിധയിനം വായ്പകൾക്കുള്ള പരിധി വർദ്ധിപ്പിച്ചുകൊണ്ട് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലർ പ്രകാരം വീട്ടുപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പയുടെ പരിധി 5 ലക്ഷം രൂപയും, വാഹന വായ്പ (ലൈറ്റ് വെഹിക്കിൾ) 20 ലക്ഷം രൂപയും, വാഹന വായ്പ (ഹെവി വെഹിക്കിൾ) 40 ലക്ഷം രൂപയും അനുവദിച്ചുവരുന്നു. എന്നാൽ ടി വായ്പകൾ മതിയായ വസ്തു ഈടിന്മേലോ, മതിയായ മറ്റ് ജാമ്യം ഉറപ്പുവരുത്തിയോ മാത്രമേ നൽകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ